(ബി) ഉണ്ട്.

1. 10-3-2005-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുറ്റിപ്പുറം
2. 5-5-2005-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നിലമ്പൂർ
3. 13-4-2005-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പൊന്നാനി
4. 11-4-2005-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പെരിന്തൽമണ്ണ
5. 7-5-2005-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരൂർ
6. 6-5-2005-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരൂരങ്ങാടി
7. 19-3-2005-ൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മലപ്പുറം

(സി) & (ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആയുർവേദ സിദ്ധ-യുനാനി അനലിസ്റ്റുകളും അംഗീകൃത ലബോറട്ടറികളും

141 [2577] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം ആയുർവേദ സിദ്ധ-യുനാനി അനലിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരെ നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ എത്ര ആയുർവേദ സിദ്ധ-യുനാനി അംഗീകൃത ലാബോറട്ടറികളുണ്ടെന്നും ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് സെക്ഷൻ 33 എഫ് പ്രകാരം ഒരു അനലിസ്റ്റ് ഗ്രേഡ്-2 നെ ആയുർവേദ സിദ്ധ-യുനാനി അനലിസ്റ്റ് ആയി 7-1-2003-ലെ എസ്. ആർ. ഒ. നോട്ടിഫിക്കേഷൻ നമ്പർ 37/2003 പ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) നിലവിൽ 1 ലബോറട്ടറിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. (നാഗാർജ്ജുന ഹെർബൽ കോൺസട്രേറ്റ്സ്, തൊടുപുഴ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് പാർട്ട് 16 (എ) പ്രകാരം ആയുർവേദ സിദ്ധ-യുനാനി ലാബോറട്ടറിക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും സാങ്കേതിക വിദഗ്ദ്ധരും ഉണ്ടോ എന്ന് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും നിയമിക്കുന്ന ഇൻസ്പെക്ടർമാർ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് അവലോകനം ചെയ്തതിനുശേഷം അംഗീകാരത്തിനുള്ള നടപടികൾ സംസ്ഥാന ആയുർവേദ സിദ്ധ-യുനാനി ലൈസൻസിംഗ് അതോറിറ്റി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly